**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 255** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ വീടുകളിലെത്തി പഠനപിന്തുണ ഉറപ്പാക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ വീടിനു സമീപമുള്ള പൊതുയിടങ്ങളിൽ വച്ച് പഠനപിന്തുണ ഉറപ്പാക്കുന്നതിനായുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നു. പഠിതാക്കളുടെ കഴിവുകളും പരിമിതികളും വിശകലനം ചെയ്ത് അവരുടെ പഠനപ്രശ്നമേഖലകൾ ഏതെല്ലാമെന്ന് കണ്ടെത്തി ആവശ്യമായ പഠനപിന്തുണ നൽകുന്നതിനായുള്ള പ്രവർത്തനം ഓരോ വിദ്യാലയങ്ങളിലും നടക്കേണ്ടതുണ്ട്. പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ എസ്.ആർ. ജി.യിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്ന മേഖലകൾ ചർച്ച ചെയ്യുകയും ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനപ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ വീടുകൾ അധ്യാപകർ നേരിട്ട് സന്ദർശിക്കണം. കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപദ്ധതി സ്കൂൾ തലത്തിൽ തയ്യാറാക്കേണ്ടതാണ്.<br><br>പലവിധ കാരണങ്ങളാൽ പഠനലക്ഷ്യങ്ങൾ ആർജിക്കാത്ത കുട്ടികൾക്ക് കൈത്താങ്ങ് നൽകുകയും പഠനവേഗത കുറഞ്ഞ കുട്ടികൾക്ക് കൂടുതൽ സമയം ലഭ്യമാക്കുകയും ചെയ്ത്, ആർജിക്കേണ്ട ശേഷികളിലേക്ക് കുട്ടിയെ എത്തിക്കാൻ വിദ്യാലയവും സമൂഹവും അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്ന ശ്രമങ്ങളാണ് ഈ പഠനപിന്തുണാപരിപാടിയുടെ കാതൽ. ഇങ്ങനെ അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ ഓരോ പഠിതാവും കൃത്യമായി നേടിയെന്ന് ഉറപ്പുവരുത്തുകയും തുടർപഠനം സുഗമമാക്കുകയും ചെയ്യുക എന്നത് ഓരോ |

| | | | |
|---|---|---|---|
| | | | വിദ്യാലയവും ഓരോ അധ്യാപകരും ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം. |
| (സി) | ഇത്തരം വിദ്യാർത്ഥികളുടെ കഴിവുകളും പരിമിതികളും കണ്ടെത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ കഴിവുകളും പരിമിതികളും കണ്ടെത്തുന്നതിനായി പ്രത്യേക സംവിധാനങ്ങൾ വികസിപ്പിച്ചിട്ടില്ല. പഠനനിലവാരത്തിൽ പിന്നിലുള്ള വിദ്യാർത്ഥികളുടെ പരിമിതികളും കഴിവുകളും ടേമിനൽ ഇവാല്യവേഷൻ ഫലങ്ങളും നിരന്തര വിലയിരുത്തലിന്റെ ഭാഗമായുള്ള കണ്ടെത്തലുകളും വിശകലനം ചെയ്താണ് തയ്യാറാക്കേണ്ടത്. ഓരോ വിഷയത്തിലും ഉള്ള പഠിതാവിന്റെ കഴിവുകളും പരിമിതികളും സംബന്ധിച്ച കുറിപ്പ് ക്ലാസ് അധ്യാപകർ തയ്യാറാക്കേണ്ടതുണ്ട്. അധ്യാപകരുടെ കണ്ടെത്തലുകൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും കണ്ടെത്തിയ പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പിന്തുണപ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്യേണ്ടതുമാണ്. 'ഒരു കുട്ടി ഒരു യൂണിറ്റ്' എന്ന കാഴ്ചപ്പാടിൽ ഊന്നിയായിരിക്കണം പ്രവർത്തനങ്ങൾ നൽകേണ്ടത് അതായത് ഓരോ കുട്ടിക്കും വ്യക്തിഗതമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പ്ലാനുകൾ രക്ഷിതാവുമായി നടക്കുന്ന ചർച്ചയിൽ വിശദീകരിക്കുകയും ബോധ്യപ്പെടുത്തുകയും വേണം.<br><br>ഗുണാത്മകമായ നിർദ്ദേശങ്ങളിലൂടെ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യണം. തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയും പ്രവർത്തനപദ്ധതി വിശദീകരിക്കുകയും ചെയ്യണം. ഒന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രസ്തുത പ്രവർത്തനങ്ങൾ നൽകേണ്ടതാണ് ഗൃഹാങ്കണവിദ്യാലയത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാധ്യമായ പൊതുയിടങ്ങളിൽ (അങ്കണവാടി, വായനശാല. സാമൂഹ്യ പഠനമുറി തുടങ്ങിയ സ്ഥലങ്ങളിൽ) അധ്യാപകർക്ക് കുട്ടികളെ ക്ലസ്റ്റർ ചെയ്ത് ക്ലാസുകൾ നൽകാവുന്നതാണ്. ഇത്തരം അവസരങ്ങളിൽ കുട്ടിക്ക് ആസ്വാദ്യകരമാകുന്ന ആകർഷകമായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം. അടിസ്ഥാന പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പഠന പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ആവശ്യം. ഓരോ ആഴ്ചയിലും കുട്ടിയിൽ ഉണ്ടാവുന്ന പഠനവ്യത്യാസം കൃത്യമായി നിരീക്ഷിക്കേണ്ടതും ക്ലാസ് ടീച്ചറുടെ നോട്ട്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ആഴ്ചയിലും രേഖപ്പെടുത്തുമ്പോൾ തൊട്ടു മുൻപേയുള്ള ആഴ്ചയിൽ നിന്ന് എത്രത്തോളം ഓരോ പഠനലക്ഷ്യത്തിനും കുട്ടി മുന്നോട്ടു പോയി എന്ന് കണ്ടെത്തുകയും അതിനനുസരിച്ച് ഗുണാത്മക നിരീക്ഷണങ്ങൾ/ നിർദ്ദേശങ്ങൾ നൽകുകയും വേണം. മതിയായ പഠനപുരോഗതി കാണിക്കാത്ത കുട്ടികളെ സംബന്ധിച്ച് ക്രിയാഗവേഷണ താല്പര്യത്തോടെ അധ്യാപകർ ഇടപെടുകയും കാരണങ്ങൾ കണ്ടെത്തി എസ്.ആർ.ജി.യിൽ ചർച്ച ചെയ്തു പരിഹാരങ്ങൾ നിർദ്ദേശിക്കുകയും വേണം. |

സെക്ഷൻ ഓഫീസർ